വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം

98(*228) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കോർപ്പറേഷൻ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര ലക്ഷം രൂപ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ വർഷം ഇതിനായി ലക്ഷം രൂപ വിവിധ ദേശീയ കോർപ്പറേഷനുകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ഇ) വനിതകൾക്കായി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് :

1. തിരുവനന്തപുരത്ത് ഉന്നത നിലവാരത്തിൽ സജ്ജീകരിച്ചിട്ടുള്ള REASERCH (Resource Enhancement Academy for Career Heights) എന്ന സ്ഥാപനത്തിൽ കമ്പ്യൂട്ടർ ലാബ്, ലാംഗ്വേജ് ലാബ് തുടങ്ങിയ ഏറ്റവും പുതിയ സാങ്കേതിക സൗകര്യങ്ങളാണുള്ളത്. പ്രസ്തുത സ്ഥാപനത്തിൽ താഴെപ്പറയുന്ന കോഴ്സുകൾ നടപ്പിലാക്കി വരുന്നു :

(എ) പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം ഫോർ നഴ്സിംഗ് സ്റ്റുഡൻസ്

(ബി) ട്രെയിനിംഗ് ഇൻ ഐ.ടി. എനേബിൾഡ് എഡ്യൂക്കേഷൻ ഫോർ ബി.എഡ് സ്റ്റുഡൻസ്

(സി) ട്രെയിനിംഗ് ഫോർ ഗെസയിൽസ് ഗേൾസ്

(ഡി) ട്രെയിനിംഗ് ഫോർ ഓഫീസ് അസിസ്റ്റന്റ്സ്

2. ഫിനിഷിംഗ് സ്കൂൾ പദ്ധതിയിൻ കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എ) കമ്മ്യൂണിറ്റി ബാംബു മാറ്റ് മേക്കിംഗ് സെന്റർ

(ബി) വനിതാ ഐ.റ്റി.ഐ.കളിൽ ഫിനിഷിംഗ് സ്കൂൾ

(സി) ഹാൻഡ്ലൂം വീവിംഗ് ആന്റ് ഡിസൈനിംഗ്

(ഡി) ട്രെയിനിംഗ് ഇൻ ലൈറ്റ് ആന്റ് ഹെവി വെഹിക്കിൾ ഡ്രൈവിംഗ്

(ഇ) ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ഗുഡ്സ് ആന്റ് മൊബൈൽ ഫോൺ റിപ്പെയറിംഗ്

(എഫ്) മൾട്ടിപ്പിൾ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം

(ജി) പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

(എച്ച്) ഗോൾഡ് ക്രാഫ്റ്റ് ആന്റ് ജുവലറി ഡിസൈനിംഗ്

(ഐ) ഹോട്ടൽ മാനേജ്മെന്റ് റെസ്റ്റോറന്റ് ആന്റ് കൗണ്ടർ സർവ്വീസ്.

3. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനെസ് എന്ന പദ്ധതി പ്രകാരം ജെൻഡർ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വീഡിയോ പ്രോഗ്രാമുകൾ, ഡോക്യുമെന്ററികൾ എന്നിവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം സ്വയംതൊഴിൽ മുഖേനയുണ്ടാകുന്ന വനിതാശാക്തീകരണവും വനിതാ സംരംഭകരുടെ വിജയഗാഥ എന്നിവയെ ആസ്പദമാക്കിയ ഡൊക്യുമെന്ററി ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

4. കേരളാ സംസ്ഥാന വനിതാ വികസന കോർപ്പറേഷനും ഹാബിറ്റാറ്റ് എന്ന സ്ഥാപനവും സംയുക്തമായി സംസ്ഥാനത്തെ വിവിധ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ വനിതകൾക്ക് കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂമുകൾ നിർമ്മിച്ചിട്ടുണ്ട്.

5. വനിതൾക്ക് വിവിധ തരത്തിലുള്ള ജെൻഡർ ബോധവത്ക്കരണ പരിപാടികളും സെമിനാറുകളും നടത്തി വരുന്നു.

6. നൂറ് ശതമാനം തൊഴിലുറപ്പ് നൽകുന്ന എൻ.ഐ.ഐ.റ്റി.-കളിലെ ബാങ്കിംഗ് കോഴ്സുകളിൽ ചേരാൻ പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

കൂടാതെ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

1. ജെൻഡർ പ്രശ്നങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ആശയവിനിമയം ചെയ്യുന്നതിനും ചർച്ച ചെയ്യുന്നതിനുമായി VGRC (Virtual Gender Resource Centre) എന്ന പേരിൽ ഒരു ഓൺ ലൈൻ വെബ് പോർട്ടൽ.

2. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റേഷനിലും ഒരു 24X7 വിമൻ ഇൻഫർമേഷൻ സെന്റർ

LIBRARY ARCHIVES Kerala Legislative Assembly

3. എൻ.ഐ.ഐ.റ്റി. മുഖാന്തരം 100% തൊഴിലുറപ്പ് നൽകുന്ന സൗജന്യ പരിശീലന പരിപാടി

4. ഗുണഭോക്താക്കൾക്ക് ബാങ്ക് മുഖേനയുള്ള വായ്പാ തിരിച്ചടവ്

5. കോർപ്പറേഷൻ കമ്പ്യൂട്ടർവത്ക്കരണം

(ബി) കോർപ്പറേഷൻ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം 1030.57 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 653 ലക്ഷം രൂപ വിവിധ ദേശീയ കോർപ്പറേഷനുകളിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(ഡി) വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം തന്നെ പ്രസ്തുത സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന മേളകളും സംഘടിപ്പിക്കുന്നുണ്ട്.

(ഇ) വനിതാ വികസന കോർപ്പറേഷൻ വനിതകൾക്കായി തിരുവനന്തപുരത്ത് ഉന്നത നിലവാരത്തിലുള്ള ഒരു ഫിനിഷിംഗ് സ്കൂൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തുള്ള ഫിനിഷിംഗ് സ്കൂളിന്റെ മാതൃകയിൽ കണ്ണൂരിലെ പിലാത്തറയിൽ ഒരു ഫിനിഷിംഗ് സ്കൂൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാതകളുടെ വികസനം

19(*229) ശ്രീ. പി. തിലോത്തമൻ:
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. അജിത് :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും യുവജനകാര്യവുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയ പാതകളുടെ വികസനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത് ;

(ബി) ഈ ഓരോ പാതയുടേയും വികസനത്തിന് സ്ഥലം ആവശ്യമായി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോന്നിനും എത്ര മീറ്റർ വീതിക്ക് സ്ഥലം എടുത്തു നൽകാമെന്നാണ് ഏറ്റിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥലം ഏറ്റെടുക്കേണ്ടയിടങ്ങളിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ ദേശീയ പാതകളുടെ വികസനം എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly